എൽ & ടി ഫിനാൻസ് ലിമിറ്റഡ്

ഫെയർ പ്രാക്ടീസ് കോഡ്

വേർഷൻ കൺട്രോൾ

പതിപ്പ്	നടപ്പിൽ വന്ന തീയതി	മാറ്റം സംബന്ധിച്ച റഫറൻസ്	ഉടമസ്ഥൻ	അംഗീകരിക്കുന്ന അധികാര കേന്ദ്രം
1.0	ഒക്ടോബർ, 2017	ആർബിഐയുടെ പ്രധാന നിർദ്ദേശങ്ങൾ അനുസരിച്ച് ഫെയർ പ്രാക്ടീസ് കോഡ് അവലോകനം ചെയ്യുകയും പരിഷ്കരിക്കുകയും ചെയ്തു	ഗ്രൂപ്പ് റെഗുലേറ്ററി കംപ്ലയൻസ്	ഡയറക്ടർ ബോർഡ്
1.1	ഒക്ടോബർ, 2018	ആർബിഐയുടെ പ്രധാന നിർദ്ദേശങ്ങൾ അനുസരിച്ച് ഫെയർ പ്രാക്ടീസ് കോഡ് അവലോകനം ചെയ്യുകയും പരിഷ്കരിക്കുകയും ചെയ്തു	ഗ്രൂപ്പ് റെഗുലേറ്ററി കംപ്ലയൻസ്	ഡയറക്ടർ ബോർഡ്
1.2	ഒക്ടോബർ, 2019	ആർബിഐയുടെ പ്രധാന നിർദ്ദേശങ്ങൾ അനുസരിച്ച് ഫെയർ പ്രാക്ടീസ് കോഡ് അവലോകനം ചെയ്യുകയും പരിഷ്കരിക്കുകയും ചെയ്തു	ഗ്രൂപ്പ് റെഗുലേറ്ററി കംപ്ലയൻസ്	ഡയറക്ടർ ബോർഡ്
1.3	ഒക്ടോബർ, 2020	ആർബിഐയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് നയം അവലോകനം ചെയ്യുകയും പരിഷ്കരിക്കുകയും ചെയ്തു	ഗ്രൂപ്പ് റെഗുലേറ്ററി കംപ്ലയൻസ്	ഡയറക്ടർ ബോർഡ്

1.4	ഒക്ടോബർ, 2021	ആർബിഐയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് നയം അവലോകനം ചെയ്യുകയും പരിഷ്കരിക്കുകയും ചെയ്തു	ഗ്രൂപ്പ് റെഗുലേറ്ററി കംപ്ലയൻസ്	ഡയറക്ടർ ബോർഡ്
1.5	ജനുവരി, 2022	റിസർവ് ബാങ്ക് - ഇന്റഗ്രേറ്റഡ് ഓംബുഡ്സ്മാൻ സ്കീം, 2021 അനുസരിച്ച് നയം അവലോകനം ചെയ്യുകയും പരിഷ്കരിക്കുകയും ചെയ്തു.	ഗ്രൂപ്പ് റെഗുലേറ്റ റി കംപ്ലയൻസ്	ഡയറക്ടർ ബോർഡ്

പ്രധാനപ്പെട്ട കുറിപ്പ്:

ഈ നയവും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഏതെങ്കിലും നിയന്ത്രണങ്ങൾ, ചട്ടങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, വിജ്ഞാപനം, വിശദീകരണങ്ങൾ, സർക്കുലറുകൾ, മാസ്റ്റർ സർക്കുലറുകൾ/ നിർദ്ദേശങ്ങൾ എന്നിവ തമ്മിൽ ഏതെങ്കിലും ഘട്ടത്തിൽ എന്തെങ്കിലും വ്യാഖ്യാനം/വിവര വൈരുദ്ധ്യമുണ്ടായാൽ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ച നിയന്ത്രണങ്ങൾ, ചട്ടങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, വിജ്ഞാപനം, വിശദീകകരണങ്ങൾ, സർക്കുലറുകൾ, പ്രധാന നിർദ്ദേശങ്ങൾ എന്നിവയുടെ വ്യാഖ്യാനം നിലനിൽക്കും.

ഉള്ളടക്ക പട്ടിക

ആമുഖം 4
ഫെയർ പ്രാക്ടീസ് കോഡ്... 4
1. വായ്പകൾക്കുള്ള അപേക്ഷയും അവയുടെ പ്രോസസ്സിഗും 4
2. വായ്പയുടെ മൂല്യനിർണ്ണയവും നിബന്ധനകളും/വ്യവസ്ഥകളും 4
3. നിബന്ധനകളിലും വ്യവസ്ഥകളിലും മാറ്റങ്ങൾ ഉൾപ്പെടെ, വായ്പകളുടെ വിതരണം... 5
4. പൊതുവായവ... 5
5. പരാതി പരിഹാര ഉദ്യോഗസ്ഥൻ 6
6. നോഡൽ ഓഫീസർ/പ്രിൻസിപ്പൽ നോഡൽ ഓഫീസറുടെ നിയമനം.............. 6
7. വിപുലമായ പ്രചാരണവും കാലികമായ അവലോകനവും:.............................. 6
8. വാഹനങ്ങൾ തിരിച്ചുപിടിക്കൽ.. 7

ആമുഖം

സുപ്രധാന നിർദ്ദേശം - ബാങ്കിംഗ് ഇതര ഫിനാൻഷ്യൽ കമ്പനി – വ്യവസ്ഥാപിതമായി പ്രധാനപ്പെട്ട നിക്ഷേപം എടുക്കാത്ത കമ്പനി, നിക്ഷേപം എടുക്കുന്ന കമ്പനി (റിസർവ് ബാങ്ക്) നിർദ്ദേശങ്ങൾ, 2016-ൽ കാലാകാലങ്ങളിൽ ഭേദഗതി വരുത്തിയത് പ്രകാരം, എല്ലാ ബാങ്കിംഗ് ഇതര ഫിനാൻഷ്യൽ കമ്പനികളുടെയും ഡയറക്ടർ ബോർഡ് രൂപീകരിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ട ന്യായമായ സമ്പ്രദായങ്ങളെക്കുറിച്ചുള്ള വിപുലമായ മാർഗ്ഗനിർദ്ദേശങ്ങൾ നിർദ്ദേശിച്ചു.

ഉപഭോക്താക്കൾക്ക് നൽകുന്ന സാമ്പത്തിക സൗകര്യങ്ങളുടെയും സേവനങ്ങളുടെയും കാര്യത്തിൽ കമ്പനി പിന്തുടരുന്ന രീതികളുടെ ഫലപ്രദമായ അവലോകനം ഉപഭോക്താക്കൾക്ക് നൽകാനാണ് ഫെയർ പ്രാക്ടീസ് കോഡ് ലക്ഷ്യമിടുന്നത്. ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട സാമ്പത്തിക സൗകര്യങ്ങളും സേവനങ്ങളും സംബന്ധിച്ച് അറിവോടെയുള്ള തീരുമാനങ്ങൾ എടുക്കാൻ ഈ നിയമാവലി സഹായിക്കുന്നു, കൂടാതെ കമ്പനി അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ഏത് വായ്പയ്ക്കും ബാധകമാവുകയും ചെയ്യും.

ഫെയർ പ്രാക്ടീസ് കോഡുമായി ബന്ധപ്പെട്ട ആർബിഐ മാർഗ്ഗനിർദ്ദേശങ്ങളിലെ തുടർന്നുണ്ടാകുന്ന ഏത് തിരുത്തലും, പുതുക്കിയ ആർബിഐ മാർഗ്ഗനിർദ്ദേശങ്ങൾ, പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ/നിർദ്ദേശങ്ങൾ എന്നിവയ്ക്ക് അനുസൃതമല്ലാത്ത പരിധിവരെ നിലവിലുള്ള ഫെയർ പ്രാക്ടീസ് കോഡിനെ അസാധുവാക്കും.

ഫെയർ പ്രാക്ടീസ് കോഡ്

കാര്യക്ഷമത, ഉപഭോക്തൃ-കേന്ദ്രികൃതം, കോർപ്പറേറ്റ് ഭരണ തത്വങ്ങൾ എന്നിവയിൽ ശ്രദ്ധയൂന്നി, നിലവിലുള്ള നിയമപരവും നിയന്ത്രണപരവുമായ ആവശ്യകതകൾക്ക് അനുസൃതമായി കമ്പനിയുടെ ബിസിനസ് നടത്തും.

കൂടാതെ, കമ്പനി അതിന്റെ പ്രവർത്തനത്തിൽ ഫെയർ പ്രാക്ടീസ് കോഡ് പാലിക്കും, അതിന്റെ സുപ്രധാന ഘടകങ്ങൾ ഇനിപ്പറയുന്നവയാണ്:

1. **വായ്പകൾക്കുള്ള അപേക്ഷയും അവയുടെ പ്രോസസ്സിംഗും:**

- ഉൽപ്പന്നത്തിന്റെ സ്വഭാവമനുസരിച്ച്, ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കും കമ്പനി ഒരു വായ്പാ അപേക്ഷാ ഫോം തയ്യാറാക്കും. ഡിജിറ്റൽ രീതിയിൽ വായ്പയ്ക്ക് അപേക്ഷിക്കുന്ന ഉപഭോക്താക്കൾക്കും അപേക്ഷാ ഫോം ബാധകമായിരിക്കും. വായ്പാ അപേക്ഷാ ഫോമുകളിൽ ഉപഭോക്താക്കളെക്കുറിച്ച് ആവശ്യമായ

വിവരങ്ങളും ഉൽപ്പന്നത്തിന്റെ സവിശേഷതകളും വായ്പാ പ്രോസസ്സിംഗിനായി സമർപ്പിക്കേണ്ട രേഖകളും ഉൾപ്പെടും.

- എല്ലാ വായ്പാ അപേക്ഷകളും കൈപ്പറ്റുന്നതിന് രസീത് നൽകുന്ന ഒരു സംവിധാനം കമ്പനി ആസൂത്രണം ചെയ്യും.

2. വായ്പയുടെ മൂല്യനിർണ്ണയവും നിബന്ധനകളും/വ്യവസ്ഥകളും:

- വായ്പയെടുക്കുന്നയാളുടെ ക്രെഡിറ്റ് യോഗ്യതയെക്കുറിച്ച് കമ്പനി കൃത്യമായ ജാഗ്രത പുലർത്തുന്നത് അപേക്ഷയിൽ തീരുമാനമെടുക്കുന്നതിനുള്ള ഒരു പ്രധാന മാനദണ്ഡമായിരിക്കും. കമ്പനിയുടെ ക്രെഡിറ്റ് നയം, മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ എന്നിവയ്ക്ക് അനുസൃതമായിട്ടായിരിക്കും വിലയിരുത്തൽ.

- അംഗീകരിച്ച വായ്പയുടെ തുക, അംഗീകാര കത്ത് അല്ലെങ്കിൽ പാസ്ബുക്ക് അതല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിൽ കമ്പനി വായ്പയെടുക്കുന്നയാളെ രേഖാമൂലം അറിയിക്കേണ്ടതാണ്. അതിനൊപ്പം ബാധകമായ പലിശ നിരക്ക് ഉൾപ്പെടെയുള്ള നിബന്ധനകളും വ്യവസ്ഥകളും ഉണ്ടാവണം. കമ്പനിയുടെ ഫയലുകളിൽ ഡിജിറ്റൽ അല്ലെങ്കിൽ ഫിസിക്കൽ രീതിയിൽ കടം വാങ്ങുന്നയാൾ ഈ നിബന്ധനകളും വ്യവസ്ഥകളും അംഗീകരിക്കുന്നത് ബാധകമായി നിലനിർത്തും.

- വൈകിയ തിരിച്ചടവിന് ഈടാക്കുന്ന പിഴപ്പലിശ കമ്പനി വായ്പാ കരാറിൽ കട്ടിയുള്ള അക്ഷരത്തിൽ പരാമർശിക്കും.

- കമ്പനി വായ്പാ കരാറിന്റെ ഒരു പകർപ്പ്, വായ്പാ കരാറിൽ ഉദ്ധരിച്ചിട്ടുള്ള എല്ലാ ഉൾപ്പെടുത്തിയവയുടെയും ഒരു പകർപ്പ് സഹിതം എല്ലാ വായ്പക്കാർക്കും വായ്പ വിതരണം ചെയ്യുന്ന സമയത്ത്/പിന്നീട് നൽകണം.

- വായ്പക്കുള്ള അപേക്ഷ കൈപ്പറ്റിയതിന് കമ്പനി രസീത് നൽകും.

3. നിബന്ധനകളിലും വ്യവസ്ഥകളിലും മാറ്റങ്ങൾ ഉൾപ്പെടെ, വായ്പകളുടെ വിതരണം:

- വിതരണ സമയപ്പട്ടിക, പലിശ നിരക്കുകൾ, സേവന നിരക്കുകൾ, മുൻകൂർ പേയ്മെന്റ് നിരക്കുകൾ തുടങ്ങിയവ ഉൾപ്പെടെ, നിബന്ധനകളിലും വ്യവസ്ഥകളിലും എന്തെങ്കിലും മാറ്റം വരുത്തിയാൽ, കമ്പനി തങ്ങളിൽ നിന്ന് കടം വാങ്ങുന്ന എല്ലാവർക്കും ഇംഗ്ലീഷ് ഭാഷയിലോ അല്ലെങ്കിൽ വായ്പക്കാരന് മനസ്സിലാകുന്ന ഭാഷയിലോ അറിയിപ്പ് നൽകും. പലിശ നിരക്കുകളിലും നിരക്കുകളിലും മാറ്റങ്ങൾ ഭാവിയിൽ മാത്രമേ നടപ്പിലാക്കൂ എന്ന് കമ്പനി ഉറപ്പുവരുത്തും. ഇക്കാര്യത്തിൽ അനുയോജ്യമായ ഒരു വ്യവസ്ഥ വായ്പ കരാറിൽ ഉൾപ്പെടുത്തിയിരിക്കണം.

- കരാറിന് കീഴിലുള്ള പേയ്മെന്റ് അല്ലെങ്കിൽ നിർവ്വഹണം

തിരിച്ചുവിളിക്കാനുള്ള/വേഗത്തിലാക്കാനുള്ള തീരുമാനവും വായ്പാ കരാറിന് ചേരുന്ന വിധത്തിലായിരിക്കും.

- മുഴുവൻ കുടിശ്ശികയും തിരിച്ചടയ്ക്കുന്നതിലോ, അല്ലെങ്കിൽ കടം വാങ്ങുന്നവർക്ക് മേൽ ഏതെങ്കിലും നിയമാനുസൃതമായ അവകാശത്തിനോ സ്വത്ത് കൈവശം വെയ്ക്കാനുള്ള അവകാശത്തിനോ വിധേയമായി കുടിശ്ശികയുള്ള വായ്പയുടെ പൂർത്തീകരണത്തിലോ കമ്പനി അതിന്റെ കൈവശമുള്ള എല്ലാ ഈടുകളും വിട്ടുനൽകും. അത്തരം തീർപ്പാക്കൽ അവകാശം വിനിയോഗിക്കണമെങ്കിൽ, അവശേഷിക്കുന്ന ക്ലെയിമുകളെക്കുറിച്ചും, പ്രസക്തമായ ക്ലെയിം തീർപ്പാക്കുന്നത് വരെ/പണമടയ്ക്കുന്നത് വരെ കമ്പനിക്ക് ഈടുകൾ കൈവശം വെയ്ക്കാൻ അവകാശമുള്ള വ്യവസ്ഥകളെക്കുറിച്ചും പൂർണ്ണ വിവരങ്ങളോടെ കടം വാങ്ങുന്നയാൾക്ക് അറിയിപ്പ് നൽകണം.

4. പൊതുവായവ:

- കടം വാങ്ങുന്നയാളുമായുള്ള എല്ലാ ആശയവിനിമയങ്ങളും ഇംഗ്ലീഷ് ഭാഷയിലോ കടം വാങ്ങുന്നയാൾക്ക് മനസ്സിലാകുന്ന ഭാഷയിലോ ആയിരിക്കണം.

- വായ്പാ കരാറിന്റെ നിബന്ധനകളിലും വ്യവസ്ഥകളിലും നൽകിയിട്ടുള്ള ഉദ്ദേശ്യങ്ങൾക്കല്ലാതെ കടം വാങ്ങുന്നയാളുടെ കാര്യങ്ങളിൽ ഇടപെടുന്നതിൽ നിന്ന് കമ്പനി വിട്ടുനിൽക്കും (കടം വാങ്ങുന്നയാൾ മുമ്പ് വെളിപ്പെടുത്താത്ത പുതിയ വിവരങ്ങൾ കമ്പനിയുടെ ശ്രദ്ധയിൽപ്പെടാത്തപക്ഷം).

- കടം വാങ്ങുന്നയാളിൽ നിന്ന് വായ്പാ അക്കൗണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള അഭ്യർത്ഥന ലഭിക്കുന്ന സാഹചര്യത്തിൽ, സമ്മതമോ മറ്റെന്തെങ്കിലുമോ - അതായത്, കമ്പനിയുടെ എതിർപ്പ് പോലുള്ള എന്തെങ്കിലും ഉണ്ടെങ്കിൽ, ഏതെങ്കിലും അഭ്യർത്ഥന ലഭിച്ച തീയതി മുതൽ 21 ദിവസത്തിനുള്ളിൽ കടമെടുത്തയാളെ അറിയിക്കും. നിയമപ്രകാരമുള്ള സുതാര്യമായ കരാർ വ്യവസ്ഥകൾ അനുസരിച്ചായിരിക്കും അത്തരം ട്രാൻസ്ഫർ.

- വായ്പകളുടെ റിക്കവറിയുടെ കാര്യത്തിൽ, കമ്പനി ഒരു പീഡനവും അവലംബിക്കരുത് - അതായത്, കടം വാങ്ങിയവരെ അസമയങ്ങളിൽ നിരന്തരം ശല്യപ്പെടുത്തുക, വായ്പകൾ വീണ്ടെടുക്കാൻ കായികബലം ഉപയോഗിക്കുക തുടങ്ങിയവ. ഉപഭോക്താക്കളുമായി ഉചിതമായ രീതിയിൽ ഇടപെടുന്നതിന് ജീവനക്കാർ മതിയായ പരിശീലനം നേടിയിട്ടുണ്ടെന്ന് കമ്പനി ഉറപ്പുവരുത്തും.

- ഫണ്ടുകളുടെ വില, ലാഭം, റിസ്ക് പ്രീമിയം തുടങ്ങിയ പ്രസക്തമായ ഘടകങ്ങൾ കണക്കിലെടുത്ത് കമ്പനി ഒരു പലിശ നിരക്ക് മാതൃക സ്വീകരിക്കുകയും വായ്പകൾക്കും അഡ്വാൻസുകൾക്കും ഈടാക്കേണ്ട പലിശ നിരക്ക് നിശ്ചയിക്കുകയും ചെയ്യും.

- അനുമതി കത്ത് വാർഷിക പലിശ നിരക്കും അത് പ്രയോഗിക്കുന്ന രീതിയും പ്രതിപാദിക്കും, അതുവഴി അക്കൗണ്ടിൽ നിന്ന് ഈടാക്കുന്ന കൃത്യമായ നിരക്കുകളെക്കുറിച്ച് കടം വാങ്ങുന്നയാൾക്ക് അറിയാൻ കഴിയും.

5. പരാതി പരിഹാര നടപടിക്രമം:

ഇതുമായി ബന്ധപ്പെട്ട് ഉയരുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് കമ്പനി സ്ഥാപനത്തിനുള്ളിൽ ഉചിതമായ പരാതി പരിഹാര സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ തീരുമാനങ്ങളിൽ നിന്ന് ഉണ്ടാകുന്ന എല്ലാ തർക്കങ്ങളും അടുത്ത ഉയർന്ന തലത്തിലെങ്കിലും കേൾക്കുകയും പരിഹരിക്കുകയും ചെയ്യുന്നുവെന്ന് അത്തരത്തിലുള്ള ഒരു സംവിധാനം ഉറപ്പുവരുത്തുന്നു.

കമ്പനി അതിന്റെ ശാഖകളിൽ/ബിസിനസ് ഇടപാട് നടത്തുന്ന സ്ഥലങ്ങളിൽ ഉപഭോക്താക്കളുടെ പ്രയോജനത്തിലേക്കായി ഇനിപ്പറയുന്ന വിവരങ്ങൾ പ്രാധാന്യത്തോടെ പ്രദർശിപ്പിക്കും:

- കമ്പനിക്കെതിരായ പരാതികൾ പരിഹരിക്കുന്നതിനായി പൊതുജനങ്ങൾക്ക് സമീപിക്കാവുന്ന പരാതി പരിഹാര ഉദ്യോഗസ്ഥന്റെ പേരും ബന്ധപ്പെടാനുള്ള വിശദാംശങ്ങളും (ടെലിഫോൺ / മൊബൈൽ നമ്പർ, ഇമെയിൽ വിലാസം).
- കമ്പനിക്കെതിരായ പരാതികൾ പരിഹരിക്കുന്നതിനായി പൊതുജനങ്ങൾക്ക് സമീപിക്കാവുന്ന പ്രിൻസിപ്പൽ നോഡൽ ഓഫീസറുടെ പേരും ബന്ധപ്പെടാനുള്ള വിശദാംശങ്ങളും (ടെലിഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ വിലാസം).
- റിസർവ് ബാങ്ക് - ഇന്റഗ്രേറ്റഡ് ഓംബുഡ്സ്മാൻ സ്കീം, 2021 ('സ്കീം')
- പദ്ധതിയുടെ പ്രധാന സവിശേഷതകൾ ഇംഗ്ലീഷിലും ഹിന്ദിയിലും പ്രാദേശിക ഭാഷയിലും
- ഒരു മാസത്തിനുള്ളിൽ പരാതി/തർക്കം പരിഹരിച്ചില്ലെങ്കിൽ, ഉപഭോക്താവിന് പരാതി സമർപ്പിക്കൽ പോർട്ടൽ വഴി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിലേക്ക് നിവേദനം നൽകാം:
  https://cms.rbi.org.in/

6. നോഡൽ ഓഫീസർ/പ്രിൻസിപ്പൽ നോഡൽ ഓഫീസറിന്റെ നിയമനം:

കമ്പനി മുംബൈ, ചെന്നൈ, കൊൽക്കത്ത, ന്യൂഡൽഹി മേഖലകളിൽ സ്ഥിതി ചെയ്യുന്ന പ്രാദേശിക ഓഫീസുകളിൽ നോഡൽ ഓഫീസർമാരെയും സ്കീമിന് അനുസൃതമായി ഒരു പ്രിൻസിപ്പൽ നോഡൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്.

7. വിപുലമായ പ്രചാരണവും കാലികമായ അവലോകനവും:

വിവിധ പങ്കാളികൾക്ക് വിവരം ലഭിക്കാനായി കമ്പനി മുകളിൽ പറഞ്ഞിരിക്കുന്ന ഫെയർ പ്രാക്ടീസ് കോഡ് അതിന്റെ വെബ്സൈറ്റിൽ നൽകും. സ്വന്തം അനുഭവത്തെയും ആർബിഐ ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന പുതിയ മാർഗ്ഗനിർദ്ദേശങ്ങളെയും അടിസ്ഥാനമാക്കി, കാലികമായി ആവശ്യമായി വരുന്നത് പ്രകാരം കമ്പനി ഫെയർ പ്രാക്ടീസ്

കോഡ് അവലോകനം ചെയ്യുകയും പരിഷ്കരിക്കുകയും ചെയ്യും.

വിശദീകരണ കുറിപ്പ്:

മൊത്തവ്യാപാര വായ്പാ ബിസിനസിൽ, ഓരോ വായ്പക്കാരന്റെയും സങ്കീർണ്ണമായ റിസ്ക് പ്രൊഫൈൽ മാട്രിക്സ് അടിസ്ഥാനമാക്കിയാണ് പലിശ നിരക്ക് തീരുമാനിക്കുന്നത്. കമ്പനി പ്രൈം ലെൻഡിംഗ് റേറ്റും (അല്ലെങ്കിൽ മറ്റേതെങ്കിലും ബാധകമായ ബെഞ്ച്മാർക്ക്, അല്ലെങ്കിൽ ഫിക്സഡ് റേറ്റ് ആണെങ്കിൽ, അത്തരത്തിലുള്ള ഫിക്സഡ് നിരക്ക്), ബാധകമായ സ്പ്രെഡ്, റീസെറ്റ് ഫ്രീക്വൻസിയും അനുമതി കത്തും ഫെസിലിറ്റി കരാറും വഴി വെളിപ്പെടുത്തും. ഈ ഘടകങ്ങൾ സംബന്ധിച്ച ഏത് മാറ്റവും രേഖാമൂലം അനുയോജ്യമായി വെളിപ്പെടുത്തുകയും കടം വാങ്ങുന്നയാളെ അറിയിക്കുകയും ചെയ്യും.

കൂടാതെ, കടം വാങ്ങുന്നവർ പൊതുവെ ഇടത്തരം വലുപ്പമുള്ള/വലിയ കോർപ്പറേറ്റ് ഗ്രൂപ്പുകളാണ്, അവയ്ക്ക് വിവരങ്ങൾ വ്യക്തമായി അറിയാം, അതിനാൽ അവരുടെ റിസ്ക് പ്രൊഫൈലിൽ എന്തെങ്കിലും ഉയർച്ച ഉണ്ടായാൽ, അവർക്ക് മികച്ച നിബന്ധനകൾ കൂടിയാലോചിക്കാൻ കഴിയും. പ്രോജക്റ്റ് ലോണുകളുടെ പലിശ നിരക്കുകൾ അനുമതി കത്തിലും ഫെസിലിറ്റി കരാറിലും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

8. വാഹനങ്ങൾ തിരിച്ചുപിടിക്കൽ

കടം വാങ്ങുന്നയാളുമായുള്ള കരാർ/വായ്പ കരാറിൽ കമ്പനിക്ക് അതിൽ തന്നെ ഒരു തിരിച്ചുപിടിക്കൽ വ്യവസ്ഥ ഉണ്ടായിരിക്കും. അത് നിയമപരമായി നടപ്പിലാക്കേണ്ടതാണ്. സുതാര്യത ഉറപ്പാക്കാൻ, കരാർ/വായ്പ കരാറിന്റെ നിബന്ധനകളിലും വ്യവസ്ഥകളിലും ഇനിപ്പറയുന്നവയുമായി ബന്ധപ്പെട്ട വ്യവസ്ഥകളും അടങ്ങിയിരിക്കും:

a) കൈവശപ്പെടുത്തുന്നതിന് മുമ്പുള്ള അറിയിപ്പ് കാലയളവ്
b) അറിയിപ്പ് കാലയളവ് ഒഴിവാക്കാവുന്ന സാഹചര്യങ്ങൾ
c) ഈട് ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമം
d) വസ്തുവിന്റെ വിൽപ്പന/ലേലത്തിന് മുമ്പ് വായ്പ തിരിച്ചടയ്ക്കുന്നതിന് കടം വാങ്ങുന്നയാൾക്ക് നൽകേണ്ട അവസാന അവസരം സംബന്ധിച്ച ഒരു വ്യവസ്ഥ
e) കടം വാങ്ങുന്നയാൾക്ക് തിരിച്ചുപിടിക്കൽ നൽകുന്നതിനുള്ള നടപടിക്രമവും
f) വസ്തുവിന്റെ വിൽപ്പന/ലേലം എന്നിവയ്ക്കുള്ള നടപടിക്രമം

സർക്കുലറിന്റെ അടിസ്ഥാനത്തിൽ അത്തരം നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ഒരു പകർപ്പ് വായ്പയെടുക്കുന്നവർക്ക് ലഭ്യമാക്കണം, കമ്പനി വായ്പാ കരാറിൽ പറഞ്ഞിട്ടുള്ള എല്ലാത്തിന്റെയും ഒരോ പകർപ്പിനൊപ്പം വായ്പാ കരാറിന്റെ ഒരു പകർപ്പ് വ്യത്യാസമില്ലാതെ തയ്യാറാക്കുകയും, വായ്പകൾ അനുവദിക്കുന്ന/വിതരണം ചെയ്യുന്ന സമയത്ത് വായ്പയെടുക്കുന്നവർക്ക് നൽകണമെന്നും പരാമർശിച്ചിരിക്കുന്നു. അത് അത്തരം കരാറുകളുടെ/വായ്പ കരാറുകളുടെ ഒരു പ്രധാന ഘടകം രൂപീകരിക്കും.